# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1827 — 16.02.2016 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി.യു.കുരുവിള :
ശ്രീ. സി.എഫ്. തോമസ് :

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
( ബഹു. മുഖ്യ മന്ത്രി)

(എ) റബ്ബറിന്റെ വിലയിടിവും മറ്റ് കാരണങ്ങളും മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി, വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന് ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500

| | | | |
|---|---|---|---|
| | | | കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും റബ്ബർ കർഷകരുടെ ക്ഷേമത്തിനുമായി അടിയന്തരനടപടികൾ സ്വീകരിക്കുമോ? | (സി) | റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി കർഷകർക്ക് ഏറെ പ്രയോജനപ്രദമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ